## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *58 29/06/2015-ൽ മറുപടിക്ക്

### ആദിവാസികൾക്കിടയിലെ മദ്യപാനാസക്തി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ:<br>,, സി.മോയിൻ കുട്ടി:<br>,, എൻ. ഷംസുദ്ദീൻ:<br>,, കെ.എം.ഷാജി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്കിടയിലെ വർദ്ധിച്ച മദ്യപാനാസക്തി സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ആദിവാസികൾക്കിടയിൽ മദ്യപാനാസക്തി നിലവിലുണ്ടെങ്കിലും ആയത് വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആദിവാസികൾക്കിടയിലെ അമിത മദ്യപാനം മൂലമുള്ള മരണങ്ങൾ സാധാരണ സംഭവമായിമാറുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ; | (ബി) | അമിത മദ്യപാനം മൂലമുള്ള ആദിവാസികൾക്കിടയിലുള്ള മരണങ്ങൾ സാധാരണ സംഭവവുമായി മാറുന്നു എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (സി) | ഇക്കാര്യത്തിൽ ബോധവത്ക്കരണത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള സാമൂഹ്യ പ്രവർത്തകരിൽ നിന്നും വിവരശേഖരണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ? | (സി) | ആദിവാസി കോളനികളിൽ ട്രൈബൽ വകുപ്പും, ആരോഗ്യ വകുപ്പും, പോലീസ്. എക്സൈസ്, ഫോറസ്റ്റ് വകുപ്പും സംയുക്തമായി ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ എസ്.ടി. പ്രൊമോട്ടർമാർ എന്നിവർ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇവരിൽ നിന്നും ആവശ്യമായ വിവരശേഖരണം നടത്തി ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ